വീണ്ടും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് കേരള സർക്കാർ മണൽവാരൽ നിരോധിക്കുകയുണ്ടായി.

(ബി) 1980-ന് മുൻപ് ശംഖിലിയിൽനിന്നും മണൽവാരിയതിന്റെ അടിസ്ഥാനത്തിലാണ് 3.4.98 ലെ സർക്കാർ കത്ത് നമ്പർ 18285/സി2/97/എഫ് ആന്റ് ഡബ്ല്യു എൽ. ഡി. പ്രകാരം പ്രസ്തുത കടവ് മണൽവാരലിന് അനുവദിച്ചിട്ടുള്ളത്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.† 1980-ന് മുൻപ് ശംഖിലി കടവ് അനുവദിച്ചതായി പ്രത്യേക ഉത്തരവുകളൊന്നും ഇല്ല.

(സി) ശംഖിലി കടവിൽനിന്നും 1.4.97 മുതൽ 31.3.98 വരെ മണൽ നീക്കം ചെയ്തിട്ടില്ല.

(ഡി) 31.3.98 ന് ശേഷം ആകെ 102 ലോഡ് (500 ക്യു. മീറ്റർ) മണൽ ശംഖിലിയിൽനിന്നും നീക്കം ചെയ്തുപോയിട്ടുണ്ട്.

79 (1528) അഡ്വക്കേറ്റ് ജനറലുമായി സർക്കാർ നടത്തിയ ചർച്ച

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന ഉൽപ്പന്നങ്ങൾ വനേതര ആവശ്യങ്ങൾക്ക് വിൽപ്പന നടത്തുന്നതിനും മണൽവാരാനും ക്വാറിയിൽനിന്നും കല്ല് വിൽപ്പന നടത്താനും അനുമതി നൽകുന്നത് സംബന്ധിച്ച് 24.8.97-ൽ സർക്കാർ അഡ്വക്കേറ്റ് ജനറലിൽ നിന്നും നിയമോപദേശം നേടുകയുണ്ടായോ;

(ബി) എങ്കിൽ ഇങ്ങനെ ഒരു ഉപദേശം തേടേണ്ട ആവശ്യകത എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) 24.8.97-ൽ അഡ്വക്കേറ്റ് ജനറലുമായി നടത്തിയ ചർച്ചയുടെ മിനിട്ട്സിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) നിയമോപദേശം നേടിയിട്ടുണ്ട്.

(ബി) വനഭൂമിയിൽ നിന്നും പാറ ശേഖരിക്കുന്നതും മണൽ ശേഖരണം നടത്തുന്നതും 1980-ലെ വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇതേത്തുടർന്ന് 1980-ലെ വനസംരക്ഷണനിയമം പ്രാബല്യത്തിൽവരുന്നതിന് മുൻപ് നിലവിലുണ്ടായിരുന്നവ മാത്രമാണ് പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ 12.12.96-ലെ ബഹു: സുപ്രീം കോടതി വിധിയെത്തുടർന്ന് പാറ ശേഖരിക്കലുകളും മണൽശേഖരിക്കലുകളും നിർത്തിവയ്ക്കുകയുണ്ടായി. ഇതുമൂലം പ്രസ്തുത പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്ന പാവപ്പെട്ട തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന് ഗതിയില്ലാതാവുകയും ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം അഭ്യർത്ഥിച്ചുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുമുണ്ടായി. ഇങ്ങനെ ഉടലെടുത്ത സാമൂഹ്യപ്രശ്നങ്ങളുടെ സമ്മർദ്ദത്താൽ, ഈ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള ഉപാധി തേടി അഡ്വക്കേറ്റ് ജനറലിൽനിന്നും നിയമോപദേശം തേടുകയുണ്ടായി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടി 24.8.97-ൽ നടത്തിയ ചർച്ചയുടെ മിനിട്ട്സ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

80 (1529) വാഹനനിയമം ഭേദഗതി ചെയ്യൽ

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന നിയമഭേദഗതിക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യുടെ നടത്തിപ്പിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിൽ നിയമവ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബസ്സുകളുടെ കാലപ്പഴക്കത്തെ സംബന്ധിച്ചും സ്റ്റോപ്പുകൾ അനുവദിക്കുന്ന കാര്യത്തിലും എന്തെല്ലാം വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന നിയമഭേദഗതിയനുസരിച്ച് 50-ൽ കുറയാത്ത സ്റ്റേജ് കാര്യേജ് സർവ്വീസുകൾ ഉള്ള ഒരു ഓപ്പറേറ്റർക്ക് മാത്രമേ ഫാസ്റ്റ് പാസഞ്ചർ, എക്സ്പ്രസ്, സൂപ്പർഫാസ്റ്റ് തുടങ്ങിയ വിഭാഗം സർവ്വീസുകൾ നടത്തുവാൻ അനുവാദമുള്ളൂ. കെ.എസ്.ആർ.ടി.സി.ക്ക് 50-ൽ അധികം വാഹനങ്ങൾ ഉള്ളതിനാൽ കെ.എസ്.ആർ.ടി.സി. യുടെ നടത്തിപ്പിനെ ഈ വ്യവസ്ഥകൾ ബാധിക്കുന്നില്ല. പുതിയ ഭേദഗതിയനുസരിച്ച് ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് മറ്റ് ലക്ഷ്വറി സർവ്വീസുകൾ എന്നിവയ്ക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്ത തീയതി മുതൽ യഥാക്രമം 5, 3, 2 എന്നീ വർഷങ്ങൾ പൂർത്തിയാകുമ്പോൾ മാറ്റി പുതിയ വാഹനം ഉപയോഗിക്കേണ്ടതാണ്.

(ബി) പുതിയ ഭേദഗതി പ്രകാരം 70 കി.മീറ്ററിൽ കുറയാത്തതും 160 കി. മീറ്ററിൽ കൂടാത്തതുമായ സർവ്വീസുകളെ ഫാസ്റ്റ് പാസഞ്ചർ സർവീസ് എന്നും 300 കി. മീറ്ററിൽ കുറയാത്ത ദൈർഘ്യമുള്ള റൂട്ടിൽ നടത്തുന്ന സർവ്വീസിനെ സൂപ്പർ ഡീലക്സ് സർവ്വീസ് എന്നും 200 കി. മീറ്ററിൽ കുറയാത്ത ദൈർഘ്യമുള്ള റൂട്ടുകളിൽ നടത്തുന്ന സർവ്വീസിനെ സൂപ്പർ എക്സ്പ്രസ് സർവ്വീസ് എന്നും 150 കി. മീറ്ററിൽ കുറയാത്തതും എന്നാൽ 450 കി.മീറ്ററിൽ കൂടുതൽ ആകാത്തതുമായ റൂട്ടിൽ നടത്തുന്ന സർവ്വീസിനെ സൂപ്പർ ഫാസ്റ്റ് എന്നും തിരിച്ചിട്ടുണ്ട്. കൂടാതെ 300 കി.മീറ്ററിൽ അധികം ദൈർഘ്യമുള്ള റൂട്ടുകളിൽ എ.സി. ചെയ്ത വാഹനങ്ങൾ ഉപയോഗിച്ചുനടത്തുന്ന ലക്ഷ്വറി സർവ്വീസ് എന്ന പുതിയ ഇനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ലക്ഷ്വറി ബസുകൾക്കും സൂപ്പർ ഡീലക്സ് സർവ്വീസുകൾക്കും ജില്ലാ ആസ്ഥാനങ്ങളിലും സൂപ്പർ എക്സ്പ്രസ് സർവ്വീസ് താലൂക്ക് ആസ്ഥാനങ്ങളിലും മാത്രമേ സ്റ്റോപ്പുകൾ അനുവദിച്ചിട്ടുള്ളൂ. ഇത്തരം സർവ്വീസുകളിൽ കുടിവെള്ളം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരം വാഹനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly